# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR P(7)2050/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/01/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR P(7)2050/2022. തീയ്യതി: 03/01/2023

## തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-10-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 21-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബേബി പി വി, ഓഡിറ്റ് ഓഫീസർ
ശ്രീ. ശിവദാസൻ എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ജോമോൻ ഇ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രേഖ ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശോഭന രവി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മുഹമ്മദ് റഫീക്ക് | സെക്രട്ടറി | 01-04-2021 | 26-06-2021 |
| സുഹാസ് സി.എം | സെക്രട്ടറി ഇൻ ചാർജ്ജ് | 27-06-2021 | 04-07-2021 |
| സാബു ജോർജ്ജ് | സെക്രട്ടറി | 05-07-2021 | 31-03-2022 |
| സുഹാസ് സി.എം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ LSGD | 01-04-2021 | 02-04-2021 |
| സരസ്വതി വി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 03-04-2021 | 31-01-2022 |
| ബിന്ദു എം.യു | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 01-02-2022 | 31-03-2022 |
| ഓമന സി.വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| തുളസി | എച്ച്.എം | 01-04-2021 | 21-12-2021 |
| ബിന്ദു | എച്ച്.എം | 22-12-2021 | 31-03-2022 |
| മുഹമ്മദ് റഫീക്ക് | മെഡിക്കൽ ഓഫീസർ (പി എച്ച് സി)ഹോമിയോ | 01-04-2021 | 31-03-2022 |
| അന്ന ബേബി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ജെ.ബി.ജിതേന്ദ്രകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീജിത്ത്കുമാർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സുമയ്യ കെ.എൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| അൻസില് പി.എം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| അതുല്യ വി.എസ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഗോകുൽ ഇ. ബി | വി.ഇ.ഒ, കൈപ്പമംഗലം സർക്കിൾ | 01-04-2021 | 31-03-2022 |
| ഗോകുൽ ഇ. ബി | വി.ഇ.ഒ (ചാലിങ്ങാട് സർക്കിൾ) | 01-04-2021 | 26-07-2021 |

| | | | |
|---|---|---|---|
| ജ്യോതിസ് ജോയ് | വി.ഇ.ഒ (ചാലിങ്ങാട് സർക്കിൾ) | 27-07-2021 | 09-02-2022 |
| ഗോകുൽ ഇ. ബി | വി.ഇ.ഒ (ചാലിങ്ങാട് സർക്കിൾ) | 10-02-2022 | 31-03-2022 |
| സീതാ ലക്ഷ്മി | വി.ഇ.ഒ (കുരിക്കുഴി സർക്കിൾ) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമപെൻഷനുകൾ | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10 |
| 11 | വസ്തുനികുതി കുടിശ്ശികയിനത്തിൽ സാംഖ്യ സഞ്ചയ ഇവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-11 |
| 12 | പ്രയർ പിരീഡ് ആയി വർദ്ധിപ്പിച്ച തുകകൾക്ക് കൃത്യമായ സാധൂകരണം കാണിക്കാനായിട്ടില്ല | 1-12 |
| 13 | മുൻകൂർ ആയി ലഭിച്ച തുകകൾ അതത് ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല | 1-13 |
| 14 | പ്രയർ പീരീഡ് ആയി ഉൾപ്പെടുത്തിയ തുകകളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകളില്ല | 1-14 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-15 |
| 16 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-16 |
| 17 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല | 1-17 |
| 18 | ഡെപ്പോസിറ്റുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-18 |
| 19 | അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ താഴെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവർത്തികളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. | 1-19 |
| 20 | പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റിൽ ഇല്ല | 1-20 |
| 21 | രസീതി പരിശോധിച്ചതിൽ കണ്ട അപാകതകൾ | 1-21 |
| 22 | ലൈസൻസ് ഫീ - കുറവ് തുക ഈടാക്കി | 1-22 |
| 23 | ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ | 1-23 |

| | | |
|---|---|---|
| | കടകൾ,കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു | |
| 24 | ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-24 |
| 25 | ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം അടവാക്കിയിട്ടില്ല. | 1-25 |
| 26 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-26 |
| 27 | ചട്ടപ്രകാരമുള്ള വിവിധ സ്ലാബുകൾക്ക് നാളിതുവരെയായും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-27 |
| 28 | തെറ്റായ തറവിസ്തീർണ്ണത്തിൽ വസ്തു നികുതി ഈടാക്കുന്നു. | 1-28 |
| 29 | അനധികൃതമായി പ്രവർത്തിച്ചുവരുന്ന ചിക്കൻ സെന്ററിനെതിരെ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്. | 1-29 |
| 30 | അനധികൃതമായി നിർമ്മിച്ച ഇൻഡോർ സ്പോർട്സ് കോർട്ടിന് അനധികൃതനിർമ്മാണ കെട്ടിടത്തിന് ചുമത്തുന്ന വസ്തുനികുതി ചുമത്തിയിട്ടില്ല. | 1-30 |
| 31 | ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം. | 1-31 |
| 32 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു | 1-32 |
| 33 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സപ്പെടുന്നു | 1-33 |
| 34 | മൽസ്യകൃഷി ഇൻഷൂറൻസ് നടപ്പിലാക്കണം. | 1-34 |
| 35 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ മാർഗ്ഗനിർദ്ദേശപ്രകാരമാകണം | 1-35 |
| 36 | ബാലസഭ പ്രവർത്തനം-രേഖകൾ കൃത്യമല്ല-അപാകതകൾ | 1-36 |
| 37 | ജനകീയ ഹോട്ടൽ -ആവശ്യമായ പ്രോൽസാഹനം നൽകണം. | 1-37 |
| 38 | ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല | 1-38 |
| 39 | ആംബുലൻസ് വാങ്ങൽ -പഞ്ചായത്തിന് ബാദ്ധ്യത. | 1-39 |
| 40 | നിയമാനുസൃത സമയപരിധിയിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.ഫൈൻ ഈടാക്കിയിട്ടില്ല. | 1-40 |
| 41 | മണ്ണ് ഡിസ്പോസൽ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല | 1-41 |
| 42 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല. | 1-42 |
| 43 | തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ ഭൂരിഭാഗവും ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ഫയലുകൾ അപൂർണം. പ്രത്യേക അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു. | 1-43 |
| 44 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ് | 1-44 |
| 45 | മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട് കോവിഡ് പ്രതിരോധ | 1-45 |

| | | |
|---|---|---|
| | പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു: ചെലവു തുക തടസ്സപ്പെടുന്നു | |
| 46 | ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-46 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 17/02/2021 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 248175014/- | 243345124/- |
| റിവൈസ്ഡ്ബജറ്റ് | | |
| പാസ്സാക്കിയ തിയതി | 14/03/2022(1) | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 258698216/- | 225469100/- |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 30.07.2022 |

### 1-3 സാമ്പത്തിക വിശകലനം

(സംക്ഷിപ്ത വിവരം)

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 18875916 |
| ഓഡിറ്റ് വർഷത്തെ വരവ് | 114474458 |
| ആകെ | 133350374 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 102653125 |
| നീക്കിയിരിപ്പ് | 30697249 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23248267 | 23248267 | 22570078 | 678189 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7161000 | 7161000 | 7161000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 16754000 | 16754000 | 10168220 | 6585780 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6859914 | 6859914 | 3493422 | 3366492 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ |
|---|---|---|---|---|---|---|

| (എണ്ണം) | | | | | | ശതമാനം |
|---|---|---|---|---|---|---|
| 206 | 12,21,60,064 | 135 | 66081733 | 12 | 59 | 66 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെപേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4106800 | * |
| വിധവാ പെൻഷൻ | 25292000 | * |
| വാർദ്ധക്യകാല പെൻഷൻ | 48532400 | * |
| വികലാംഗ പെൻഷൻ | 7046400 | * |
| 50 വയസ്സിന്മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1008800 | * |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | * |

*പെൻഷൻ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളുടെ എണ്ണം ആവശ്യപ്പെട്ടതിന് പഞ്ചായത്ത് ലഭ്യമാക്കിയ വിവരം വസ്തുതാപരമല്ല. ആയതിനാൽ ഗുണഭോക്താക്കളുടെ എണ്ണം ചേർക്കുന്നില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3081 | 520136 | 523217 | 523217 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 23657691 | 23657691 | 23657691 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-11-2022 തീയതിയിൽ 3:15 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 46985/- രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ വൗച്ചറുകളും രജിസ്റ്ററുകളും ഏറെക്കുറെ കൃത്യതയോടെ പരിപാലിച്ചിട്ടുണ്ട്. രജിസ്റ്ററുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ആധീകാരികമായി സൂക്ഷിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്നു. ഇരിപ്പിട സൗകര്യം, കുടിവെള്ള സൗകര്യം, ടോക്കൺ സമ്പ്രദായം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ തൻവർഷം ഏറ്റെടുത്ത് നടത്തിയ പ്രോജക്റ്റുകൾ തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്കിൽ ഇന്ധന ഉപഭോഗം സംബന്ധിച്ച മാസാന്ത്യ സംക്ഷിപ്തത്തിൽ കൺട്രോളിംഗ് ഓഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. സെക്രട്ടറിയുടെ പേരിൽ ദുരിതാശ്വാസ നിധിയ്ക്ക് വേണ്ടി കേരള ഗ്രാമീൺ ബാങ്ക് കൈപ്പമംഗലം ശാഖയിൽ ഒരു ബാങ്ക് അക്കൗണ്ട് 15.7.2017 ൽ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 1.11.2021 ൽ 1771/- രൂപ നീക്കിയിരുപ്പുണ്ട്. ഗ്രാമ പഞ്ചായത്തിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ തുലോം കുറവാണ്. മത്സരാധിഷ്ഠിത ടെണ്ടറുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പെൻഷൻ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളുടെ എണ്ണം ആവശ്യപ്പെട്ടതിന് പഞ്ചായത്തിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ പേരിൽ സാമൂഹ്യ സുരക്ഷ പെൻഷനുകൾ വിതരണം ചെയ്യുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. പഞ്ചായത്തിൽ സെക്ഷനുകളിൽ മതിയായ ക്ലാർക്ക് പാറ്റേൺ പുനരാവിഷ്കരിക്കാത്തതിനാൽ സെക്ഷനുകൾ ജോലി ഭാരം അനുഭവപ്പെടുന്നതായി പരിശോധനയിൽ മനസ്സിലാക്കാൻ കഴിഞ്ഞു. പോരായ്മകൾ പരിഹരിക്കുന്നതിന് ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-11 വസ്തുനികുതി കുടിശ്ശികയിനത്തിൽ സാംഖ്യ സഞ്ചയ ഇവയിലെ രേഖപ്പെടുത്തലുകൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള അരിയർ ഡിമാന്റ് "സാംഖ്യ" സോഫ്റ്റ്‌വെയർ-ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ അരിയർ ഡിമാന്റ് തുകയുമായി തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇവ പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

1.കുടിശ്ശിക

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 228349 | 217331 | 11277 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *181307 | 217331 | **11291 |
| | *(2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (156423+33950=190373/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (11856/105X100)= 11291 |

2.നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 697782 | 600299 | 97574 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 246245 | 600299 | 97581 |
| | (2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(119924+138634=258558/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(102461/105X100)=97581, ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-12 പ്രയർ പിരീഡ് ആയി വർദ്ധിപ്പിച്ച തുകകൾക്ക് കൃത്യമായ സാധൂകരണം കാണിക്കാനായിട്ടില്ല

വസ്തു നികുതിയിനത്തിൽ “Prior Period Items”എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആധാരമായ വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | വൗച്ചർ നം./തീയതി | ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Non -Residential Building | 42100323/31.3.22 | 22763 |

## 1-13 മുൻകൂർ ആയി ലഭിച്ച തുകകൾ അതത് ഡിമാന്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2022-ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance Collection Of Revenues-Profession Tax /Inst/trad/prof | 64500 |
| 2 | ഡി &ഒ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 44900 |

## 1-14 പ്രയർ പീരീഡ് ആയി ഉൾപ്പെടുത്തിയ തുകകളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖകളില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | തുക |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (46768) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (429473) |
| 280800701-Prior Period -Miscellaneous Expences | (1073469) |

## 1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-16 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16509668 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash

Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 11821333 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-17 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 225541 രൂപയുടെ ക്ലോസിങ്ങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 1-18 ഡെപ്പോസിറ്റുകളുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള 31.03.2022-ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 31/3/2022-ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 31/3/22-ലെ നീക്കിയിരിപ്പ് |
|---|---|---|
| Suppliers EMD | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 12250 |
| Bidders EMD | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 309950 |
| Contractors SD | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 12250 |
| Rent Deposit | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 417433 |
| Auction Deposit | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 30900 |
| Other Revenue Deposit | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 73481 |
| Deposit For Halls And Auditorium | രജിസ്റ്ററിൽ രേഖപ്പെടുത്തൽ ഇല്ല | 2000 |

## 1-19 അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ താഴെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവർത്തികളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ശീർഷകം | ഇനം | തുക |
|---|---|---|
| 460500201 | Deposit With KWA | 802848 |
| 460500202 | Deposit With KSEB | 3372629 |
| 460500206 | Deposit With ANERT | 703875 |

## 1-20 പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റിൽ ഇല്ല

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യേകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി-4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 450650106 | JVTSB New/155 | 2439067 |
| 2 | 450650109 | JVTSB Old | 1000000 |

## 1-21 രസീതി പരിശോധിച്ചതിൽ കണ്ട അപാകതകൾ

വെറ്ററിനറി സർജന് കൈമാറിയ മാന്വൽ രസീതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കുമ്പോൾ തീയതി രേഖപ്പെടുത്താത്ത രസീതികളാണ് നൽകിയിരിക്കുന്നത് . ആയതു മൂലം ഈടാക്കിയ മുഴുവൻ തുകയും അതാത് ദിവസങ്ങളിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.
വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീതി നമ്പർ |
|---|---|---|
| 1. | 4441 | 15 മുതൽ 38 വരെ |
| 2. | 4441 | 87 മുതൽ 100 വരെ |
| 3. | 4446 | 1 മുതൽ 26 വരെ |
| 4. | 4451 | 37 മുതൽ 76 വരെ |

തീയതി രേഖപ്പെടുത്താതെ രസീതി കൈകാര്യം ചെയ്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 22/28.11.22) ക്ക് തീയതി എഴുതാൻ മറന്നു പോയതാണെന്നും തുക ഈടാക്കിയ തീയതിയിൽ തന്നെ അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ലൈസൻസ് ഫീ - കുറവ് തുക ഈടാക്കി

2021 -22 ൽ 19/368, 369, 370 എന്നീ കെട്ടിടങ്ങളിൽ 'ആയുർവേദ ലിവിങ്ങ് വില്ലേജ് (ആയുർവേദ യോഗ ബീച്ച് റിട്രീറ്റ്)'എന്ന പേരിൽ ആയുർവേദ യോഗ ക്ലിനിക്ക് പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി വ്യാപാരക സംരംഭക ലൈസൻസും പാരാമെഡിക്കൽ ലൈസൻസും നേടിയിരുന്നു. ടി സ്ഥാപനത്തിന്റെ അപേക്ഷയിൽ മൂലധനനിക്ഷേപം 5 ലക്ഷം എന്നാണ് ചേർത്തിരിക്കുന്നത്. എന്നാൽ അപേക്ഷയോടൊപ്പം ഹാജരാക്കിയ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിരപേക്ഷ പത്രത്തിൽ 11 ലക്ഷം രൂപയാണ് മൂലധനനിക്ഷേപം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 ൽ വ്യാപാരക സംരംഭക ലൈസൻസ് ഇനത്തിൽ ₹300 മാത്രമേ സ്ഥാപനത്തിൽ നിന്ന് ഈടാക്കിയിട്ടുള്ളൂ. അപാകതക്ക് കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ: 23/23.11.22) മറുപടിയായി മൂലധനനിക്ഷേപം 10 മുതൽ 25 ലക്ഷം വരെ ₹500 ആണ് ഈടാക്കേണ്ടതാണ് എന്നും കുറവ് വന്ന തുക ഈടാക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ലൈസൻസ് അപേക്ഷയിൽ മേൽ സ്ഥാപനത്തിൽ 4 ജീവനക്കാർ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് സ്ഥാപനത്തിൽ സ്ഥിരം ജീവനക്കാർ ഇല്ലാത്തതിനാലാണ് തൊഴിൽ നികുതി ഈടാക്കാത്തത് എന്ന് മറുപടി നൽകിയത്. സ്ഥാപനത്തിലെ ജീവനക്കാരിൽ അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തവരിൽ നിന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ടി കെട്ടിടം 'റിസോർട്ട്' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് . എന്നാൽ ടി സ്ഥാപനത്തിന്റെ കെട്ടിടങ്ങളിൽ ഏതിലെങ്കിലും 'ആയുർവേദ സുഖചികിത്സാ കേന്ദ്രം' ആയി പ്രവർത്തിക്കുന്നുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് ഇല്ല എന്ന മറുപടിയാണ് നൽകിയത്. ആയതിന്റെ സ്ഥലപരിശോധന നടത്തി വിനിയോഗത്തിന്റെ തരമനുസരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

## 1-23 ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ,കള്ളുഷാപ്പുകൾ, ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു

(A) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾ പ്രവർത്തിക്കുന്നു:

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

(B) ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നു:

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.139 പ്രകാരം കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 കള്ളുഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

(C)ലൈസൻസ് കൂടാതെ പഞ്ചായത്ത് പ്രദേശത്ത് ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.132 പ്രകാരം ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് അനുവദിച്ചതായി കാണുന്നില്ല.

ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്ക (നമ്പർ:28 തീയതി: 29.11.22) മറുപടി ലഭ്യമായിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഓഡിറ്റോറിയങ്ങൾക്ക് ലൈസൻസ് എടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2017-ലെ കേരള ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസിനെ തുടർന്ന് കേരള സംസ്ഥാനത്ത് 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (രണ്ടാംനമ്പർ) ആക്ട് 2017 ഒക്ടോബർ 20-ആം തീയതി പ്രാബല്യത്തിൽ വരികയുണ്ടായി. 2018 നിയമവ്യവസ്ഥ പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 233എ എന്നീ വകുപ്പുകൾക്ക് ചില ഭേദഗതികൾ അംഗീകരിച്ചിട്ടുള്ളതാണ്.

മേൽ വിവരിച്ച നിയമഭേദഗതികളെ തുടർന്ന് 1996- ലെ കേരള പഞ്ചായത്ത് രാജ് ( Issue Of Licence To Dangerous And Offensive Trades And Factories) Rules 1996-ന് 2017-ൽ ഭേദഗതി വരുത്തുകയും പ്രസ്തുത ചട്ടങ്ങളെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories, Trades, Entrepreneurship And Other Services) എന്നാക്കി പുനർനാമകരണം ചെയ്തിട്ടുള്ളതുമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233 എന്നീ വകുപ്പുകൾ പ്രകാരം ചട്ടത്തിൽ പ്രത്യേകം ഒഴിവാക്കിയിട്ടില്ലാത്ത പക്ഷം യാതൊരു കാര്യത്തിലും പഞ്ചായത്ത് പ്രദേശത്തെ സ്ഥലം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ ഉപയോഗപ്പെടുത്താൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 6 ഓഡിറ്റോറിയങ്ങൾക്ക്( 1. 3/251, 2. 4/326, 3. 680A, 4. 11/291, 5. ഒരുമ ഓഡിറ്റോറിയം, 6. 20/6 ) ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ലാത്തതാണ്.

ഫീൽഡ് പരിശോധന ശക്തമാക്കി അനധികൃതമായി പ്രവർത്തിച്ചു വരുന്ന മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:28/29.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരം ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-25 ജീവനക്കാരുടെ തൊഴിൽ നികുതി സ്ലാബ് പ്രകാരം അടവാക്കിയിട്ടില്ല.

2021 -22 ലെ ഒന്നാം അർദ്ധ വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന ജീവനക്കാരിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ട സ്ലാബിൽ നിന്നും കുറവ് ഈടാക്കിയതായി കാണുന്നു.

| ക്രമ | ജീവനക്കാരന്റെ | അർദ്ധവാർഷിക | ഈടാക്കിയ | ഈടാക്കേണ്ട |
|---|---|---|---|---|

| നമ്പർ | വിവരം | വരുമാനം | തൊഴിൽ നികുതി | തൊഴിൽ നികുതി |
|---|---|---|---|---|
| 1. | സതി പി.കെ. പി.ടി.സി.എം. ജി.എൽ. പി. എസ്. കൈപ്പമംഗലം | 1,23,286 | 750/- | 1000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ:29/29.11.22) നോട്ടീസ് നൽകി കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ചട്ടപ്രകാരം ഈടാക്കേണ്ട തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

വ്യാപാരക സംരംഭക ലൈസൻസും തൊഴിൽ നികുതി രജിസ്റ്ററും ഒത്തു പരിശോധിച്ചതിൽ നിന്നും 2021-22 വർഷത്തിൽ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതായി കാണുന്നു.
വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | സപ്ലൈകോ സൂപ്പർമാർക്കറ്റ് 17/442,443,444 | 4 |
| 2. | എം. ഡി.എസ്. കാൻസ്ട്രക്ഷൻസ് ആൻഡ് ബ്രിക്ക്സ് 3/449A | 5 |
| 3. | ജെ.ജെ. ട്രേഡേഴ്സ് 12/268 A,B,C | 6 |
| 4. | നൈസ് ഹോട്ടൽ 7/38 | 4 |
| 5. | നിബി പേസ്ട്രീസ് 13/20 | 4 |
| 6. | നീഡിൽ ഐ 3/110A | 8 |
| 7. | എൻ.എച്. 66 അറവു ശാല 1 2/74A | 8 |
| 8. | സോഷ്യൽ ടെലിവിഷൻ എസ് .ടി.വി. 7/13 | 15 |
| 9. | ഭീമ ഇൻഡസ്ട്രീസ് 13/11A | 4 |
| 10. | പ്രതീക്ഷ ലോട്ടറി 3/266 | 4 |
| 11. | സിറ്റി കാറ്ററിംഗ് ഇവൻസ് 13/34 | 4 |
| 12. | അലയൻസ് വാട്ടർ സൊല്യൂഷൻസ് 7/593 | 5 |
| 13. | എമറാൾഡ് ബിൽഡേഴ്സ് 11/428 A,B,C | 4 |
| 14. | സ്മാർട്ട് ഫ്യൂവെൽസ് 16 / 283 D | 6 |
| 15. | ബൈത്തൽ മന്തി 4/524B | 10 |

തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 30/29.11.22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ സ്ഥിരം ജീവനക്കാരില്ലാത്തതു മൂലമാണ് ഈടാക്കാത്തതെന്നും നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഈടാക്കാത്ത മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243(2) വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 ചട്ടപ്രകാരമുള്ള വിവിധ സ്ലാബുകൾക്ക് നാളിതുവരെയായും വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203 ആം വകുപ്പ് 2 ഉം 5 ഉം ഉപവകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച കേരള സർക്കാർ ഗ്രാമപഞ്ചായത്തുകളിൽ ഉപയോഗക്രമത്തിനനുസരിച്ച ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ 2011 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ 9.2.12-ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.
ഗ്രാമപഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന പട്ടിക പ്രകാരമാണ് വസ്തുനികുതി കണക്കാക്കുന്നതിന് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.

| | ഇനം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് | നിരക്ക് |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3 | 8 | 6 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 30 | 60 | 40 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 | 70 | 55 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 | 60 | 40 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 90 | 75 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 30 | 60 | 40 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 35 |
| 8 | വിദ്യാഭ്യാസാവശ്യം | 3 | 8 | 5 |
| 9 | ആശുപത്രികൾ | 3 | 8 | 6 |
| 10 | അസംബ്ലികെട്ടിടം, കൺവെൻഷൻസെൻറർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 20 | 40 | 30 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 | 20 | 15 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 60 | 45 |

| | | | | |
|---|---|---|---|---|
| 13 | റിസോർട്ടുകൾ | 80 | 90 | 85 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 20 | 40 | 25 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 | |
| 17 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് | 3 | 8 | |
| 18 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്ട്, 2006 (2006-ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | |
| 19 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | |
| 20 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | |
| 21 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 | |

മേൽ സൂചിപ്പിച്ച ഭരണ സമിതി തീരുമാനത്തിൽ ഉൾപ്പെടുത്താത്ത 2 പുതിയ സ്ലാബുകളായ 6-മത്തെ വാണിജ്യാവശ്യത്തിനുള്ളവ ബാങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെൻറർ, ഫ്യുവൽ സ്റ്റേഷൻ, 13-മത്തെ റിസോർട്ടുകൾ എന്നിവ ഏത് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെന്നത് വ്യക്തമാക്കേണ്ടതാണ്.
സ്ലാബുകളിൽ അവസാനമായി നിലനിൽക്കുന്ന 6 സ്ലാബുകൾക്കു അതായത് ക്രമ നമ്പർ 16. സ്വകാര്യ ഹോസ്റ്റൽ , ഹോം സ്റ്റേ, 17. വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ്, 18. മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെൻറ് ആക്ക്റ്റ്, 2006 (2006-ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 19. അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ, 20. കാർഷികാവശ്യത്തിനുള്ളവ, 21. റസിഡൻഷ്യൽ ഹോം സ്റ്റേ എന്നിവയ്ക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതായി കാണുന്നു. കാരണം വ്യക്തമാക്കേണ്ടതാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ (വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ നിശ്ചയിക്കാതെ) പഞ്ചായത്ത് പരിധിയിൽ പണി കഴിപ്പിക്കുന്ന മേൽ സൂചിപ്പിച്ച ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കു വസ്തുനികുതി നിർണ്ണയം നടത്തുന്നത് എങ്ങനെയെന്ന് വ്യക്തമാക്കേണ്ടതാണ്. ഈ അപാകതകൾ വൻതോതിലുള്ള വരവ് ചോർച്ചയ്ക്ക് ഇട വരുത്തുന്നു.

ഒന്നാം വിഭാഗമായ പാർപ്പിട ആവശ്യത്തിനുള്ളവയിൽ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്ന പുതിയ ഉപവിഭാഗം 25.2.2015 ൽ എസ്.ആർ.ഒ. നമ്പർ 100/2015 കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതു പ്രകാരം ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് 30 ഉം ഏറ്റവും കൂടിയ നിരക്ക് 60 ഉം ആണ് നിശ്ചയിക്കേണ്ടത്. എന്നാൽ ഇതിന് പുറമെ 21-മത്തെ (അവസാനമായി) ഉൾപ്പെട്ടിട്ടുള്ള റസിഡൻഷ്യൽ ഹോം സ്റ്റേ എന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ചേർത്തിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/29-11-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച മുഴുവൻ വിവരങ്ങൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 തെറ്റായ തറവിസ്തീർണ്ണത്തിൽ വസ്തു നികുതി ഈടാക്കുന്നു.

ഫസലു റഹിമാൻ കുഴിക്കണ്ടത്തിൽ വീട് എന്നവർ പണി കഴിപ്പിച്ച പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം റഗുലറൈസേഷൻ ചെയ്ത് ലഭിക്കുന്നതായി 20.9.21-ൽ അപേക്ഷിച്ചിട്ടുണ്ട്. ലഭ്യമാക്കിയ ഫയലിൽ (നമ്പർ-എ 2/8963/21) നിന്ന് കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ആകെ ബിൽറ്റ് അപ്പ് ഏരിയ 263 .22 ച.മീ. യും ആകെ ഫ്ലോർ ഏരിയ 249.74 ച.മീ. യും ആണ്. എന്നാൽ ഓവർ സീയർ സ്ഥലപരിശോധന നടത്തിയ റിപ്പോർട്ട് പ്രകാരം ബിൽറ്റ് അപ്പ് ഏരിയ 249.74 ച.മീ. എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് നോട്ടിൽ സെക്ഷൻ ക്ലർക്ക് 263.22 ച.മീ.ക്ക് നികുതി നിർണ്ണയം നടത്തണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന് 2/263 ബി എന്ന നമ്പർ നൽകി 249.74 ച.മീ. നാണ് നികുതി ഈടാക്കുന്നത്. മേൽ സൂചിപ്പിച്ച മുഴുവൻ അപാകതകൾക്കും കാരണം ലഭ്യമാക്കേണ്ടതാണ് എന്ന് അറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 34/29.11.22) വസ്തുനികുതി പുനഃനിർണ്ണയം നടത്തുകയും തുടർന്ന്

നാളിതുവരെയുള്ള കുടിശ്ശിക അടക്കം ഈടാക്കി രസീത് (RNo.1220204124/29.11.22) സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 അനധികൃതമായി പ്രവർത്തിച്ചുവരുന്ന ചിക്കൻ സെന്ററിനെതിരെ സ്വീകരിച്ച തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

10/03/2021-ലെ ഭരണ സമിതി തീരുമാനം 1 (1 ) ൽ നിന്ന് താഴെ പറയുന്ന വിവരങ്ങൾ ചേർക്കുന്നു.
കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിൽ നാഷണൽ ഹൈവേക്കു കിഴക്കുവശം അനധികൃതമായി പ്രവർത്തിച്ചുവരുന്ന അലാവുദ്ദീൻ ചിക്കൻ സെൻറർ നടത്തുന്നതിനെതിരെ സാജൻ S/O കുഞ്ഞുമുഹമ്മദ്, കണ്ണേഴത്ത് എന്നവരുടെ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിരവധി തവണ സി.ജെ. തോമസ് ചാലിശ്ശേരി എന്നവർക്ക് കത്ത് നൽകിയിട്ടും, ടിയാൻ നാളിതുവരെ പ്രവർത്തനം നിർത്തി വെയ്ക്കുകയോ, അനധികൃത നിർമ്മാണം നടത്തുന്നതിന് നമ്പർ കരസ്ഥമാക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും പ്രവർത്തനാനുമതി കരസ്ഥമാക്കാതെയാണ് സ്ഥാപനം നടത്തുന്നത് എന്ന് കാണിച്ച് കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും നിരക്ഷേപ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ പ്രവർത്തനം നിർത്തി വക്കുന്നതിന് ടിയാന് കത്ത് നൽകിയിട്ടും നാളിതുവരെ ടിയാൻ സ്ഥാപനം നിർത്തിവക്കുകയോ മാലിന്യം ശരിയായി സംസ്കരിക്കുകയോ ചെയ്യാത്തതിനാൽ ടി സ്ഥാപനം അടച്ചു പൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു.
മേൽ സൂചിപ്പിച്ച ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 35/ 29-11-2022) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നില്ല എന്നും യു.എ നമ്പർ നൽകിയ ഈ കെട്ടിടം പൊളിച്ചുമാറ്റുകയും വസ്തുനികുതിയായി ₹9384 അടവാക്കുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ തുക കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിന്റെ പരിശോധനക്കായി ഫയൽ ലഭ്യമാക്കേണ്ടതാണ്.

## 1-30 അനധികൃതമായി നിർമ്മിച്ച ഇൻഡോർ സ്പോർട്സ് കോർട്ടിന് അനധികൃതനിർമ്മാണ കെട്ടിടത്തിന് ചുമത്തുന്ന വസ്തുനികുതി ചുമത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 233/6 സർവ്വേ നമ്പറിൽ അദീപ് അഹമ്മദ്, പുതിയ വീട്ടിൽ എന്നവരുടെ ഉടമസ്ഥതയിൽ ഗ്രൂപ്പ് ഡി ഗണത്തിൽ പണി കഴിപ്പിച്ച ഇൻഡോർ സ്പോർട്സ് കോർട്ടിന്റെ റെഗുലറൈസേഷന് വേണ്ടി അപേക്ഷിച്ചിട്ടുള്ളതാണ്. 405.04 ച.മീ തറവിസ്തീർണ്ണമുള്ള ടി കെട്ടിടത്തിന് റെഗുലറൈസേഷൻ ലഭിക്കുന്നതിനായി 15.4.21 ന് കെട്ടിട ഉടമ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 23.4.21-ന് അസിസ്റ്റന്റ് എൻജിനീയർ സ്ഥലം പരിശോധന നടത്തിയപ്പോൾ കെട്ടിടം പണി പൂർത്തീകരിച്ചതായും ഖരമാലിന്യനിർമ്മാർജ്ജന സൗകര്യങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് നഞ്ച ഭൂമിയിൽ അധികനിർമ്മാണം നടത്തിയതും മറ്റ് ന്യൂനതകൾ കണ്ടതിനാലും ഫയൽ തിരിച്ചയക്കാവുന്നതാണ് എന്ന് ഹെഡ് ക്ലർക്ക് 27.4.21-ൽ നോട്ട് എഴുതിയിട്ടുണ്ട്. 25.11.22-ൽ ഓഡിറ്റിന്റെ സ്ഥലപരിശോധനയിൽ കെട്ടിടം പണി പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ (1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ കെട്ടിടം പണി പൂർത്തീകരിച്ചെന്ന് ഉടമ അപേക്ഷ നൽകുകയും അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ട് പണി പൂർത്തീകരിച്ചത് മുതലുള്ള വസ്തുനികുതി ഈ കെട്ടിടത്തിന് നാളിതുവരെ ചുമത്തുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/28.11.22) താഴെപറയുന്ന പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 23.4.21 ന അസിസ്റ്റന്റ് എൻജിനീയർ കെട്ടിടം പണി പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും 23.4.21 ന വാർഡ് ക്ലർക്ക് സ്ഥലം നേരിട്ട് പരിശോധിച്ചതിൽ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്നും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയലിൽ പൊരുത്തക്കേടുകൾ കാണുന്നുണ്ട്. മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
പണി പൂർത്തീകരിച്ചതുമുതൽ ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-31 ഡോഗ് ലൈസൻസ് നൽകൽ -നടപടികൾ അപൂർണ്ണം.

പഞ്ചായത്തിൽ നായ/പന്നി ലൈസൻസ് അനുവദിച്ച രജിസ്റ്റർ പരിശോധിച്ചതിൽ 21-22 വർഷത്തിൽ 33 നായകൾക്ക്

ഫീസ് അടച്ച് ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നു. എന്നാൽ പഞ്ചായത്തിൽ നിലവിലുള്ള നായകളുടെ എണ്ണത്തെ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10 തി. 22/11/22-ന് ലഭ്യമാക്കിയ മറുപടി പ്രകാരം 291 എണ്ണത്തിന് പ്രതിരോധ കുത്തിവെയ്പ്പ് നടത്തിയിട്ടുണ്ടെന്ന് വെറ്ററിനറി സർജൻ അറിയിച്ചിട്ടുണ്ട്. എല്ലാ നായകൾക്കും ലൈസൻസ് എടുക്കുന്നില്ലെന്നും, പേ വിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നില്ലെന്നും വ്യക്തമാണ്, മാത്രമല്ല ഫീസ് ഇനത്തിൽ കിട്ടേണ്ട 2910 രൂപയിൽ 330 രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. കേരള പഞ്ചായത്ത് രാജ് റൂൾ4/1998 പ്രകാരം വളർത്തു നായകൾക്ക് നിർബന്ധമായും ലൈസൻസ് എടുക്കേണ്ടതാണ്. ബഹു. കേരള ഹൈക്കോടതിയുടെ 14/7/21, 19/7/21 തിയ്യതികളിലെ ഇടക്കാല ഉത്തരവ് നം.W.P(C) No.13204/2021 പ്രകാരം എല്ലാ ഇനത്തിലുമുള്ള വളർത്തു മൃഗങ്ങളും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുക്കേണ്ടതാണ്.

വളർത്തു നായ്ക്കളിൽ നിന്ന് പേ വിഷബാധയേറ്റുള്ള മരണങ്ങൾ സംസ്ഥാനത്ത് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ, ബഹു. ഹൈക്കോടതിയുടെ ഉത്തരവ് മാനിച്ചു കൊണ്ട്, 8/8/21 തിയ്യതിയിലെ സർക്കുലർ നം. RC3/24/ത.സ്വ.ഭ.വ പ്രകാരം ആവശ്യമായ ബോധവൽക്കരണം നടത്തി ലൈസൻസ് നൽകേണ്ടതാണ്.

## 1-32 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറും 2021-22 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വ്യക്തികൾക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കേരള സർക്കാർ നൽകുന്ന സാമൂഹ്യ സുരക്ഷ പെൻഷനുകളിലേക്ക് എൻറോൾമെന്റ് നടത്തുക, മരണം സംഭവിച്ചവരെ, അനർഹരെ പട്ടികയിൽ നിന്നും ഒഴിവാക്കുക എന്നീ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൗണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവുകളും സർക്കുലറുകളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിരുന്നു (സ.ഉ (എം.എസ്) നം.-97/2020 തീ.23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന). എന്നാൽ ഈ ഉത്തരവുകളും സർക്കുലറുകളും പാലിക്കപ്പെടുന്നില്ല.

പരിശോധനയിൽ കണ്ടെത്തിയ മരണപ്പെട്ട സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അനർഹമായി വിതരണം ചെയ്ത പെൻഷന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1 | അബ്ദുൾകാദർ | വാർദ്ധക്യകാല പെൻഷൻ | 107860202654 | 18.11.21 | 5/22 വരെ നൽകി | 9,600/- |
| 2 | ലളിതാഭായ് | വാർദ്ധക്യകാല പെൻഷൻ (ആക്ടീവ്) | 107860202377 | 20.11.21 | 9/22 വരെ നൽകി | 16,000/- |
| 3 | ബാവു ടി. എസ്. | വാർദ്ധക്യകാലപെൻഷൻ (ആക്ടീവ്) | 107860203174 | 6.5.21 | 9/22 വരെ നൽകി | 25,600/- |
| 4 | കെ. എം. ചന്ദ്രൻ | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220276414 | 3.6.21 | 9/22 വരെ നൽകി | 24,000/- |
| 5 | നാരായണി വി.യു. | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220276601 | 2.6.21 | 9/22 വരെ നൽകി | 24,000/- |
| 6 | അബ്ദുള്ള | കർഷക തൊഴിലാളി പെൻഷൻ | 2220276316 | 30.4.21 | 12 / 21 വരെ നൽകി | 12,800/- |

| | | | | | | |
|---|---|---|---|---|---|---|
| 7 | അശോകൻ കെ.സി. | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220276216 | 12.8.21 | 9/22 വരെ നൽകി | 20,800/- |
| 8 | സുബ്രഹ്മണ്യൻ എം.വി. | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220276715 | 2.8.21 | 9/22 വരെ നൽകി | 20,800/- |
| 9 | ഐഷാബി | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220276292 | 7.8.21 | 9/22 വരെ നൽകി | 20,800/- |
| 10 | വേലായുധൻ ടി. കെ. | ഡിസബിലിറ്റി പെൻഷൻ (ആക്ടീവ്) | 107860400507 | 22.8.21 | 9/22 വരെ നൽകി | 20,800/- |
| 11 | വേലായുധൻ ടി. കെ. | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220276268 | 22.8.21 | 9/22 വരെ നൽകി | 20,800/- |
| 12 | അബ്ദു സി.കെ. | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 2220276484 | 2.9.21 | 9/22 വരെ നൽകി | 19,200/- |
| 13 | കോമള | കർഷക തൊഴിലാളി പെൻഷൻ (ആക്ടീവ്) | 107860100411 | 10.10.21 | 9/22 വരെ നൽകി | 17600/- |

ഇത് സംബന്ധിച്ച് നലകിയ ഓഡിറ്റ് അന്വേഷണത്തിന് (20/28-11-2022) മരണശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പട്ടിക പ്രകാരം മരണശേഷവും തുക കൈമാറിയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം. 97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി/ ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ മേൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 9/22.11.22) നിലവിൽ സർക്കാർ നിർദ്ദേശം പ്രകാരം അങ്കണവാടി ആശാവർക്കർമാരെ ചുമതലപ്പെടുത്തിയിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അനർഹമായി പെൻഷൻ കൈപ്പറ്റുന്ന സാഹചര്യം ഒഴിവാകാൻ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സപ്പെടുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി
ഫണ്ട് ഇനം – തനത് ഫണ്ട്
പ്രോജക്ട് നമ്പർ - S0111/22.

ഫണ്ട് - വികസന ഫണ്ട്.

Vr.No. 22100182.dtd. 7.6.21. 100000/ -

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് വഴി 185955/- രൂപ ചെലഴിച്ചിട്ടുണ്ട്. ആയതിൽ മേൽ വൗച്ചർ പ്രകാരമുള്ള തുക 1.6.2021 ലെ 1(2) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 5000/- രൂപ വീതം (20*5000 = 100000) വാർഡ് അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വാർഡ് മെമ്പർമാരുടെ കൈപ്പറ്റ് രശീത്, തുക ചെലവഴിച്ചതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 100000/ - രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 മൽസ്യകൃഷി ഇൻഷൂറൻസ് നടപ്പിലാക്കണം.

പദ്ധതി നമ്പർ - 12/21-22 –വീട്ടു വളപ്പിലെ മൽസ്യകൃഷി

നിർവ്വഹണോദ്യോഗസ്ഥൻ –സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

അടങ്കൽ – 4,89,800 (പൊതു വിഭാഗം, സാധാരണ വിഹിതം)

ചെലവ് – 10,64,00

ബിൽ നമ്പർ – 418694/തിയ്യതി-22/3/22

സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നടപ്പാക്കിയ വീട്ടു വളപ്പിലെ മൽസ്യകൃഷി പദ്ധതി പ്രകാരം മൂന്ന് ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്, 29/05/20-ലെ സ.ഉ. (സാധാ) നം 1009/2020/തസ്വഭവ – സുഭിക്ഷ കേരളം പദ്ധതി – ഫിഷറീസ് സബ്സിഡി മാനദണ്ഡങ്ങൾ – ഖ.4-5 പ്രകാരം മൽസ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കണം. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.11 തിയ്യതി 22-11-22 ന് മറുപടി ലഭ്യമാക്കിയ മറുപടി പ്രകാരം ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കാൻ ശുപാർശ ചെയ്തിട്ടുണ്ടെന്നാണറിയിച്ചിട്ടുള്ളത്. ഗുണഭോക്താവിന് കൃഷി നാശത്തിൽ നിന്ന് സംരക്ഷണം നൽകുന്നതിനുതകുന്ന ഇൻഷൂറൻസ് സ്കീമിന്റെ ഭാഗമാക്കൽ നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ് .

## 1-35 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ മാർഗ്ഗനിർദ്ദേശപ്രകാരമാകണം

2020-21 വാർഷിക പദ്ധതിയുടെ ഭാഗമായ പന്ത്രണ്ടിന പരിപാടി-മാർഗ്ഗരേഖ (സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ തിയ്യതി. 6/3/20 പ്രകാരം ദേശീയ പാതകളുടേയും, അല്ലെങ്കിൽ തത്തുല്യ പ്രാധാന്യമുള്ള മറ്റ് റോഡരികുകളിലും, ബസ്സ് സ്റ്റാൻഡ്, മാർക്കറ്റ് തുടങ്ങി പൊതുജനം കൂടുതലായി വരുന്ന സ്ഥലങ്ങളിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണം. കയ്പമംഗലം പഞ്ചായത്തിൽ ടി നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം.7 (22-11-22) ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് ആരംഭിച്ചിട്ടില്ലായെന്നും സി.ആർ.സെഡ് അനുമതി ലഭ്യമായിട്ടില്ലായെന്നുമാണറിയിച്ചിട്ടുള്ളത്. സി.ആർ.സെഡ് പരിധിയിൽ വരുന്ന സ്ഥലങ്ങൾ കഴിയുന്നിടത്തോളം ഒഴിവാക്കേണ്ടതാണ്. ദേശീയ പാത 66 ന്റെ നവീകരണ പ്രവർത്തനങ്ങൾ കഴിയുമ്പോൾ ഗതാഗതം പതിൻമടങ്ങ് വർദ്ധിക്കുന്ന സാഹചര്യമുള്ളതിനാൽ ദേശീയ പാതയിലെ യാത്രക്കാർക്ക് കൂടുതൽ ഉപകരിക്കുന്നതിനായി ടി മാർഗ്ഗരേഖ 4.2 പ്രകാരം കഴിയുന്നിടത്തോളം സി.എസ്.ആർ, എം.പി, എം.എൽ.എ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ കൂടുതലായി ഏർപ്പെടുത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-36 ബാലസഭ പ്രവർത്തനം-രേഖകൾ കൃത്യമല്ല-അപാകതകൾ

പദ്ധതി നമ്പർ - 181/21-22.(S.O) – ബാലസഭ പ്രവർത്തനം

പദ്ധതി നമ്പർ –59/21-22 – ബാലസഭ പ്രവർത്തനം

നിർവ്വഹണോദ്യോഗസ്ഥൻ –അസി. സെക്രട്ടറി

അടങ്കൽ – 50,000 (പൊതു വിഭാഗം, സാധാരണ വിഹിതം)

ചെലവ് – 50,000

ബിൽ നമ്പർ –735061/തിയ്യതി –2/12/21 – 25,000 , 1502028/തിയ്യതി –28/3/22 - 25,000

അസി. സെക്രട്ടറി നടപ്പാക്കിയ ബാലസഭ പ്രവർത്തനം പദ്ധതി ഫയൽ പരിശോധിച്ചതിൽ സ്റ്റേഷനറി വാങ്ങിയിട്ടുള്ളതിന്റേയും, ഭക്ഷണം വാങ്ങിയതിന്റെ ഹോട്ടൽ ബില്ലുകളും മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. എന്നാൽ ആയതിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ ഫയലിലില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/23.11.22-ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ ബാലസഭ പ്രവർത്തനം പദ്ധതി പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്രവർത്തനങ്ങൾ സംബന്ധിച്ച ചെറുവിവരണം നിർവ്വഹണോദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-37 ജനകീയ ഹോട്ടൽ -ആവശ്യമായ പ്രോൽസാഹനം നൽകണം.

പന്ത്രണ്ടിന പരിപാടി –മാർഗ്ഗരേഖ (സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ തിയ്യതി. 6/3/20 പ്രകാരം വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുറഞ്ഞ വിലക്ക് ഉച്ചയൂണ് ലഭ്യമാക്കുന്ന ജനകീയ ഹോട്ടലുകൾ കൂടുതലായി ഏർപ്പെടുത്തുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ടി നിർദ്ദേശ പ്രകാരം പ്രവർത്തിക്കുന്ന ഹോട്ടലിന്റെ വാടകയിനത്തിലും മറ്റു ചെലവുകൾക്കുമായി അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി നം. 61/21-22 പ്രകാരം വാടക, ഇലക്ട്രിസിറ്റി ബിൽ ഇനങ്ങളിലായി 40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ജനകീയ ഹോട്ടലുകൾ തുടങ്ങിയതിലും, തുടർപ്രവർത്തനങ്ങളിലും സർക്കാർ വിഭാവനം ചെയ്ത കാര്യങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന കാര്യത്തിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/22-11-22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ജില്ലാ പഞ്ചായത്തിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നും തുടക്കത്തിൽ ലഭ്യമാക്കേണ്ട റിവോൾവിങ്ങ് ഫണ്ട് യഥാക്രമം പതിനായിരം രൂപ, ഇരുപതിനായിരം രൂപ ആകെ മുപ്പതിനായിരം രൂപ ലഭ്യമാക്കേണ്ടതിന് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതായി കാണുന്നു. പഞ്ചായത്തിലെ ഉച്ച വരുമാനക്കാർക്ക് കുറഞ്ഞ ചെലവിൽ നല്ല ഭക്ഷണം ലഭ്യമാക്കാൻ വിഭാവനം ചെയ്തിട്ടുള്ള ടി പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ടുന്ന എല്ലാ വിധത്തിലുമുള്ള സഹകരണവും, പ്രായോഗികമായ നൂതനാശയങ്ങളുടെ വിഭാവനവും നടത്തിപ്പും ആവശ്യമാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-38 ബൈലോക്ക് അംഗീകാരം ലഭ്യമാക്കിയിട്ടില്ല

കയ്പമംഗലം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന, ലൈബ്രറി, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നടത്തിപ്പ് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 12 തീയതി 22/11/22-ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയത് ലഭ്യമായിട്ടില്ലെന്നും, കരട് ബൈലോ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച്, സാധൂകരണം സർക്കാരിൽ നിന്ന് ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. ലൈബ്രറി, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ബൈലോക്ക് ചട്ടപ്രകാരം സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്.

## 1-39 ആംബുലൻസ് വാങ്ങൽ -പഞ്ചായത്തിന് ബാദ്ധ്യത.

കയ്പമംഗലം ഗ്രാമപഞ്ചായത്ത് ഫാമിലി ഹെൽത്ത് സെന്ററിന് ബഹു. ചാലക്കുടി എം.പി.യുടെ ഫണ്ട് 11 ലക്ഷം രൂപ, തനത് ഫണ്ട് 6 ലക്ഷം രൂപ ആകെ 17 ലക്ഷം രൂപ വകയിരുത്തി ജെം പോർട്ടൽ വഴി ഒരു ടാറ്റാ വിങ്ങർ ആംബുലൻസ് (KL-47-K-7044)17-2-22 തിയ്യതിയിൽ വാങ്ങിയിട്ടുള്ളതും. ആയത് നാളിതു വരെയായി ഉപയോഗപ്പെടുത്താതെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതായും കാണുന്നു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ജെം വഴിയുള്ള വാങ്ങലുകളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതും, പിന്നീട് ആയതിന് ബഹു ജില്ലാ കളക്ടറുടെ 2614(11)/2019-20 /ആർ.എ.2/ഡി.പി.എം ഉത്തരവ് പ്രകാരം സാധൂകരണം തേടിയതായും കാണുന്നു. വാങ്ങൽ നടപടികളിൽ ജാഗ്രതക്കുറവും, അനാവശ്യമായ തിടുക്കവും, ആവശ്യകതാനിർണ്ണയത്തിൽ വീഴ്ചയും സംഭവിച്ചതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ബഹു ജില്ലാ കളക്ടറുടെ മേൽ ഉത്തരവ് പ്രകാരം വാഹനം ഡി.എം.ഒ-ക്ക് കൈമാറാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വാഹനം ഉപയോഗിക്കാനുദ്ദേശിക്കുന്ന ഫാമിലി ഹെൽത്ത് സെന്ററിന് ആവർത്തന ചെലവുകളായ ഡ്രൈവറുടെ വേതനം, ഇന്ധന ചെലവ്, റിപ്പയർ ചെലവ്, ടാക്സ്, ഇൻഷ്വറൻസ് മുതലായവക്ക് ചെലവഴിക്കാനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടി ചെലവുകൾ പഞ്ചായത്ത് വഹിക്കാമെന്ന് കരാർ ചമച്ചിട്ടുണ്ട് (കമ്മിറ്റി തീരുമാനം 1/1(1) തിയ്യതി-19-5-21). മാർഗ്ഗരേഖാ പ്രകാരം ആവർത്തന ചെലവുകളായ ഡ്രൈവറുടെ വേതനം നൽകുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദമില്ലാത്ത സാഹചര്യത്തിൽ തനത് ഫണ്ട് മാത്രമേ ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇത് ഭാവിയിൽ പഞ്ചായത്തിന് ബാദ്ധ്യതയാകുമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. ഗുണഭോക്താക്കളിൽ നിന്ന് യൂസർ ഫീ പിരിക്കുന്നതിന്റെ സാധ്യതകൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 25/തീയതി 28.11.22 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ആയതിന് തീരുമാനമെടുത്തിട്ടില്ലായെന്നാണറിയിച്ചിട്ടുള്ളത്. അർഹരായവർക്ക് ഇളവുകളും മറ്റും നൽകി ന്യായമായ യൂസർ ഫീ പിരിക്കുന്നതിനും, മറ്റു പ്രവർത്തനങ്ങൾക്കുമായുള്ള ബൈലോ തയ്യാറാക്കി, വാഹനം വെറുതെ കിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-40 നിയമാനുസൃത സമയപരിധിയിൽ എഗ്രിമെന്റ് വെച്ചിട്ടില്ല.ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ചില പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി ചേർക്കാതെയും, ചിലതിൽ സെലക്ഷൻ നോട്ടീസില്ലാതെയും കാണുന്നു. കാളമുറി ചാലിങ്ങാട്ട് ഡ്രയിൻ എന്ന പ്രവൃത്തിക്കാകട്ടെ സെലക്ഷൻ നോട്ടീസ് നിയമാനുസൃത സമയ പരിധിയിലല്ല നൽകിയിട്ടുള്ളത്. ഓഡിറ്റിൽ ഈ പ്രവർത്തികളുടെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയ തിയ്യതി പരിശോധിച്ചതിൽ കരാർ ഒപ്പു വെയ്ക്കാൻ നിയമാനുസൃതമല്ലാത്ത കാലതാമസം വന്നിട്ടുണ്ട് എന്ന് കാണുന്നു. പി.ഡബ്ല്യു മാനവൽ ഖണ്ഡിക 2009-6-ലെ വ്യവസ്ഥകൾ പ്രകാരം കരാർ അംഗീകരിച്ച് 7 ദിവസങ്ങൾക്കകം സെലക്ഷൻ നോട്ടീസ് നൽകേണ്ടതാണ് എന്നിരിക്കെ തിയ്യതി ചേർക്കാതെ സെലക്ഷൻ നോട്ടീസ്

നൽകിയ പ്രവർത്തികളിലും, സമയപരിധിക്കുള്ളിലല്ലാതെ സെലക്ഷൻ നോട്ടീസ് നൽകിയ പ്രവൃത്തികളിലും ടെൻഡർ അംഗീകരിച്ച് നിയമാനുസൃത സമയപരിധിക്കകത്ത് എഗ്രിമെന്റ് ഒപ്പിട്ടിട്ടില്ല എന്ന് കാണാവുന്നതാണ്. സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ 14 ദിവസമാണ് എഗ്രിമെന്റ് ഒപ്പിടേണ്ട സമയപരിധി. ഈ സാഹചര്യത്തിൽ ആകെ 21 ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാത്ത പ്രവൃത്തികളിൽ പിന്നീട് നിയമാനുസൃത പിഴ ഈടാക്കാതെ കരാർ ഒപ്പിട്ട നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത പിഴ എസ്റ്റിമേറ്റ് പി.എ.സിയുടെ 1% പിഴ എഗ്രിമെന്റ് ഒപ്പിട്ട തിയ്യതിയിലെ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

| പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ, തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നമ്പർ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 164/22 | അംഗൻ വാടി അറ്റകുറ്റപ്പണി | 16/11/2019 തിയ്യതിയിലെ 2/1 നമ്പർ തീരുമാനം | 797003 | ഹാഷിം | 26/AE/LSGD /KPM/19-20 DT. 27-01-20 | 7970 |
| 144/22 | കാള മുറി ചാലിങ്ങാട്ട് ഡ്രൈയിൻ വാർഡ് 7 | 23/11/2021 തിയ്യതിയിലെ 1/1 നമ്പർ തീരുമാനം | 342715 ൽ 10% അധികരിച്ച് 376987 | സന്തോഷ്. എം.ഡി | 47/AE/LSGD /KPLM/21-22 Dt. 07-01-22 | 3769 |
| | ആകെ | | | | | 11739 |

ഓഡിറ്റ് എൻക്വയറി നമ്പർ 33/29.11.22 നുള്ള മറുപടി അസി.എഞ്ചിനീയർ നൽകിയിരുന്നു. കമ്മിറ്റി തീരുമാനം 7 ദിവസത്തിനകം ലഭ്യമാകാറില്ല എന്നും സകർമ ക്ലോസ് ചെയ്യാത്തതിനാൽ തീരുമാനത്തിന്റെ ഹാർഡ് കോപ്പി ലഭിക്കാറില്ല എന്നും അറിയിച്ചിരിക്കുന്നു. ഇക്കാരണത്താൽ കൃത്യസമയത്ത് സെലക്ഷൻ നോട്ടീസ് നൽകാൻ കഴിയുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്. നിയമാനുസൃത നടപടിക്രമങ്ങൾ ആഭ്യന്തര നിയന്ത്രണത്തിൻറെ ഭാഗമായി ഉറപ്പു വരുത്തേണ്ടതാണ് എന്നതിനാൽ ഇതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-41 മണ്ണ് ഡിസ്പോസൽ സംബന്ധിച്ച് മെഷർമെന്റ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ ചേർക്കുന്ന പ്രവർത്തികളിൽ പ്രവർത്തിയുടെ ഭാഗമായി മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഈ മണ്ണ് എന്തു ചെയ്തു എന്ന് ബന്ധപ്പെട്ട എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. മെഷർമെന്റ് ബുക്കിൽ മണ്ണിന്റെ ഡിസ്പോസൽ അനിവാര്യമെന്നിരിക്കെ ഏത് സാഹചര്യത്തിലാണ് ഡിസ്പോസൽ ചേർക്കാതിരുന്നത് എന്നും കുഴിച്ചെടുത്ത മണ്ണ് എത് തരത്തിൽ വിനിയോഗിച്ചു എന്നും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി. 26/28-11-22)

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | എം.ബുക്ക് നമ്പർ, പേജ്, തിയ്യതി | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് | ഫൈനൽ ബിൽ തിയ്യതി | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 144/22 | കാളമുറി ചാലിങ്ങാട്ട് ഡ്രൈയിൻ | 163/22 Page 10. 09/02/22 | 55.699 മീറ്റർ ക്യൂബ് | 28/02/2022 | ഈ പ്രവർത്തിയിൽ മണ്ണ് പഞ്ചായത്തിന് കൈമാറി എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റു വിശദാംശങ്ങൾ ഇല്ല. |
| 2 | 194/22 | മഠം തോട് സൈഡ് പ്രൊട്ടക്ഷൻ | 120/20-21 Page 14 28/01/22 | 47.538 മീറ്റർ ക്യൂബ് | 28/01/22 | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 120/22 | ഡ്രയിൻ നിയർ ഞാറക്കപ്പാടം റോഡ് | 73/19-20. Page 7 To 9 14-12-2021 | 35.714 മീറ്റർ ക്യൂബ് | 21/01/2022 | പേജ് 9 ൽ മണ്ണ് സ്റ്റാക്ക് ചെയ്തതായി രേഖയുണ്ട്. എന്നാൽ എവിടെ, ആയത് എന്ത് ചെയ്തു എന്ന് രേഖയില്ല. |
| 4 | 127/22 | മഹാത്മാഗാന്ധി ലിങ്ക് റോഡ് ഡ്രയിൻ | 61/19-20 Page. 1 To 3 22/06/2021 | 47.906 മീറ്റർ ക്യൂബ് | 17/08/2021 | |
| 5 | 126/21 | ഡ്രയിൻ ശാന്തി നഗർ മദ്രസ്സ റോഡ് | 114/17-18 Page 1 To 2 07/04/2021 | 27.888 മീറ്റർ ക്യൂബ് | 30/07/2021 | |
| 6 | 195/22 | മനക്കപ്പാടം വടക്കെ കോളനി ഡ്രയിൻ | 198/21-22 Page 1 To 2 08/03/22 | 45.827 മീറ്റർ ക്യൂബ് | 22/03/2022 | |
| 7 | 196/22 | കാളമുറി ചളിങ്ങാട് റോഡ് ഡ്രയിൻ വാർഡ് -6 | 181-21-22 Page 1 To 2 28/02/2022 | 104.855 മീറ്റർ ക്യൂബ് | 26/05/2022 | |
| | | | | 365.427 മീറ്റർ ക്യൂബ് | | |

1-42 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

താഴെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ (ഖണ്ഡിക 6,7) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയ സമയത്തിന്റെ 20% സമയം മാത്രമേ പിഴയില്ലാതെ അനുവദിക്കാനാകൂ. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴയും പിന്നീട് വരുന്ന കാലത്തിന് കരാർ തുകയുടെ 2% പിഴയും ഈടാക്കി മാത്രമേ ഫൈനൽ ബിൽ സെറ്റിൽ ചെയ്യാൻ പാടുള്ളൂ. എന്നാൽ ഈ വ്യവസ്ഥകൾ ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. ഈ പ്രവർത്തിയിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ പഞ്ചായത്തു സമിതി തീരുമാനം എടുക്കുകയോ ചെയ്തതായും കാണുന്നില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തികൾ നീണ്ടു പോയിട്ടും പിഴ ഈടാക്കാതിരുന്നതിന്റെ സാധുത വ്യക്തമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ താഴെ ചേർക്കും പ്രകാരം നിയമാനുസൃത പിഴ ഉത്തരവാദികളിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി.32/29-11-2022)

| പ്രോജക്ട് നമ്പർ | പ്രോജക്റ്റിന്റെ പേര് | എഗ്രിമെന്റ് നമ്പർ തിയ്യതി | ടി.എസ് നമ്പർ, തിയ്യതി. കാലളവ് / പ്രവർത്തി പൂർത്തീകരിക്കേണ്ട തിയ്യതി | എം.ബുക്ക് പ്രകാരം പ്രവർത്തി ആരംഭിച്ചതായി ചേർത്ത തിയ്യതി | എം ബുക്ക് നമ്പർ തിയ്യതി/ അവസാന മെഷർമെന്റ് | എഗ്രീഡ്. പി.എ.സി | കരാറുകാരന്റെ പേര് | ഫൈനൽ ബിൽ വിവരങ്ങൾ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|---|---|
| 157/22 | പറമ്പികുന്ന് | 42/AE/ | 108433/ | 08-04-21 | 09/06/21 | 304000 | K. K. | 303763 | 304000 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പള്ളി വളവ് ലിങ്ക് റോഡ് ഡ്രയിൻ | LSGD/ KPM/ 19-20 DT. 01/07/20 | 19-20 DT. 29-01-20 6months. 31/01/21 | | Mb. 106/17-18 Page.14 | | രാധാ കൃഷ്ണൻ | Vr.22100 981 /24-10-21 | *3% =9120 |

**1-43 തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ ഭൂരിഭാഗവും ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ ഫയലുകൾ അപൂർണം. പ്രത്യേക അന്വേഷണത്തിന് ശിപാർശ ചെയ്യുന്നു.**

2021-22-ലെ എം.ജി.എൻ .ആർ.ഇ . ജി.എസ് ഫയലുകൾ പരിശോധിച്ചതിലെ അപാകതകൾ താഴെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 21-22 വർഷത്തെ ഓഡിറ്റ് നടന്നത് 21/11/2022 മുതൽ 29/11/22 വരെ തിയ്യതികളിലാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 5/22-11-2022 പ്രകാരം വർക്ക് രജിസ്റ്റർ പ്രകാരമുള്ള ഫയലുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. തുടർന്ന് കണ്ട അപാകതകളുടെ വെളിച്ചത്തിൽ 26/11/2022 ന് മറ്റൊരു ഓഡിറ്റ് എൻക്വയറി കൂടി നൽകുകയുണ്ടായി. തെരഞ്ഞെടുത്ത ഫയലുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കും പ്രകാരമാണ്.

1.2021-22-ലെ രജിസ്റ്റർ നമ്പർ 4 വർക്ക് രജിസ്റ്റർ പ്രകാരം ആകെ 232 ഫയലുകൾ ഉണ്ട്. എന്നാൽ ഓഡിറ്റിന് 100 ഫയലുകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. മറ്റ് ഫയലുകൾ ഹാജരാക്കിയില്ല.

2. ഹാജരാക്കിയ 100 ഫയലുകളിൽ 42 എണ്ണം ഫയലുകളിൽ എം. ബുക്ക് ഉൾപ്പെട്ടിട്ടില്ലായിരുന്നു.

3. ഹാജരാക്കിയ ഫയലുകളിൽ ബഹുഭൂരിപക്ഷത്തിലും സൈറ്റ് ഡയറി സാക്ഷ്യപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല.

4.ഫയൽ പരിശോധനയിലെ അപാകതകൾ

പരിശോധനയ്ക്കെടുത്ത ഫയലുകളിൽ കണ്ട പൊതു അപാകതകളാണ് ചുവടെ ചേർത്തിരിക്കുന്നത്. വിശദമായ പരിശോധനയ്ക്ക് എടുക്കാത്ത ഫയലുകളിലും ഇതേ അപാകതകൾ തന്നെ തുടരുന്നതായി ഓഡിറ്റിൽ വിലയിരുത്തുന്നു.

4.1. വാർഡ് 19. കോവിൽ തെക്കേ വളപ്പിൽ അശോകൻ പരിസരം തോട് പുനരുദ്ധാരണം.

എ) തൊഴിലുപകരണങ്ങളുടെ വാടകയായി 975 രൂപ നൽകിയത് എങ്ങിനെ എന്ന് സൈറ്റ് ഡയറിയിലോ, എം. ബുക്കിലോ, മറ്റെവിടെയും രേഖപ്പെടുത്തിയിട്ടില്ല.

ബി) എം.ബുക്ക്, മൂല്യ നിർണയ സാക്ഷ്യപത്രം എന്നിവയിൽ എല്ലാ പാർട്ട ബില്ലുകളും ചേർത്ത ആകെ ചെലവ് രേഖപ്പെടുത്തുന്നില്ല.

4.2. വാർഡ് 3 വൃക്ഷത്തൈ വെച്ചു പിടിപ്പിക്കൽ

എ) തൊഴിലുപകരണങ്ങളുടെ വാടകയായി 975 രൂപ നൽകിയത് എങ്ങിനെ എന്ന് സൈറ്റ് ഡയറിയിലോ, എം. ബുക്കിലോ, മറ്റെവിടെയും രേഖപ്പെടുത്തിയിട്ടില്ല.

ബി) എം.ബുക്ക്, മൂല്യ നിർണയ സാക്ഷ്യപത്രം എന്നിവയിൽ എല്ലാ പാർട്ട ബില്ലുകളും ചേർത്ത ആകെ ചെലവ് രേഖപ്പെടുത്തുന്നില്ല.

4.3. ഷൈൻ കോഴിക്കൂട് നിർമ്മാണം

ഈ പ്രവർത്തിയിൽ താഴെ ചേർക്കും പ്രകാരം ചെലവ് കാണുന്നു.

| അവിദഗ്ധ തൊഴിലാളി വിവരം | വിദഗ്ധ, അർദ്ധ വിദഗ്ധ തൊഴിലാളി വിവരം |
|---|---|
| 09/11/2021 To 15/11/2021 മസ്റ്ററോൾ നമ്പർ 6021 2037 നൽകി | 09/11/2021 To 15/11/2021 മസ്റ്ററോൾ നമ്പർ 6030 പ്രകാരം ഒപ്പിട്ടത് ആര് എന്ന് വ്യക്തമല്ല. |
| 11/12/2021 To 15/11/2021 മസ്റ്ററോൾ നമ്പർ 6839 2037 നൽകി | 11/12/2021 To 15/11/2021 മസ്റ്ററോൾ നമ്പർ 6843 പ്രകാരം ഒപ്പിട്ടത് ആര് എന്ന് വ്യക്തമല്ല. |
| 18/12/2021 To 24/12/2021 മസ്റ്ററോൾ നമ്പർ 7010 2037 നൽകി | 18/12/2021 To 24/12/2021 മസ്റ്ററോൾ നമ്പർ 7088 പ്രകാരം ഒപ്പിട്ടത് ആര് എന്ന് വ്യക്തമല്ല. |

മുകളിൽ ചേർത്ത പട്ടികയിൽ വിദഗ്ധ തൊഴിൽ കൂലി ആർക്കെങ്കിലും നൽകിയോ എന്ന് വ്യക്തമല്ല. ഇനി നൽകിയിട്ടുണ്ട് എങ്കിൽ മസ്റ്റർറോളിൽ പേരു ചേർക്കാതെ എന്തിന് തൊഴിലാളിയെകൊണ്ട് ഒപ്പിട്ടുവിച്ചു എന്നതിന് വ്യക്തതയില്ല.

ഈ പ്രവർത്തിയിൽ എം ബുക്ക് ഹാജരാക്കാത്തതിനാൽ എത്ര തുക ആകെ നൽകി എന്ന് വ്യക്തമല്ല. മെറ്റീരിയൽ ബിൽ ആയി ആകെ 52297 രൂപ ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ സൈറ്റ് ഡയറിയിലോ, പ്രവർത്തി മൂല്യനിർണയ സാക്ഷ്യപത്രത്തിലോ ആകെ നൽകിയ തുകയെപ്പറ്റി വിവരമില്ല. ബില്ലുകളിൽ ആരെങ്കിലും തുക അഡ്മിറ്റ് ചെയ്തതായി രേഖയില്ല.

4. 5.വാർഡ് 18 . ഉഷ കംപോസ്റ്റ് പിറ്റ് നിർമാണം

ആകെ ബിൽ തുകയായി മൂല്യ നിർണയ സാക്ഷ്യപത്രപ്രകാരം

സ്കിൽഡ് - 2850

അൺസ്കിൽഡ്- 2037

മെറ്റീരിയൽ -5100 എന്നിങ്ങനെയാണ്.

പണം നൽകിയ സ്റ്റേറ്റ്മെന്റ് 2037 രൂപയുടേത് മാത്രമാണ്. ബാക്കി പണം നൽകിയതായി നിലവിൽ രേഖയില്ല. എം. ബുക്ക് ഹാജരാക്കാത്തതിനാൽ ആകെ ചെലവ് വ്യക്തമല്ല. മെറ്റീരിയൽ വാങ്ങിയതിന്റേതായി ഒരു ബില്ലും ഫയലിൽ ചേർത്തിട്ടില്ല. സ്കിൽഡ് മസ്റ്റർറോളിൽ പേരില്ലാതെ ഒപ്പു ചേർത്തതായി കാണുന്നു.

5.തൻവർഷത്തെ മൂന്ന് വോള്യം തൊഴിൽ കാർഡ് രജിസ്റ്റർ ഹാജരാക്കിയതിൽ(തൊഴിൽ കാർഡ് രജിസ്റ്റർ 111A) 90% പേജിലും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ പേരോ, ഒപ്പോ ഇല്ല. ചില പേജുകളിൽ ഒപ്പിട്ട ശേഷം മാർക്കർ കൊണ്ട് മായ്ച്ചതായി കാണുന്നുണ്ട്. തൊഴിലാളികളുടെ ഫോട്ടോ ഭൂരിഭാഗത്തിലും പതിച്ചിട്ടില്ല. ഈ രജിസ്റ്ററിന്റെ സാധുതയിൽ വ്യക്തതയില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 19/25.11.22 ന് സ്ഥാപനം 29/11/22 ന് മറുപടി നൽകി. ഒരേ എം ബുക്കിൽ പല പ്രവർത്തികൾ രേഖപ്പെടുത്തുന്നതിനാലാണ് എം ബുക്കുകൾ ചിലത് ഫയലിൽ വെയ്ക്കാത്തത് എന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നു. മറ്റൊരു കാര്യത്തിലും വ്യക്തമായ മറുപടി സമർപ്പിക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു. രേഖകൾ സൂക്ഷിക്കുന്നതിൽ സ്ഥാപനത്തിൽ ഗുരുതരമായ അനാസ്ഥ നിലനിൽക്കുന്നതായി കണ്ടതിനാൽ ഈ വിവരം ഒരു പ്രത്യേക കത്തായി വിശദാന്വേഷണത്തിനായി സർക്കാരിനെ ഉചിതമാർഗ്ഗേണ അറിയിക്കുന്നതാണ്.

## 1-44 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ.

പ്രോജക്ട് നമ്പർ - S0093/22.

Vr.No.22101012. Dtd.15.12.21. 425000/ -

ചെക്ക് നമ്പർ. 6429053. Dtd.13.1.22. 100000/ -

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി വെറ്ററിനറി സർജൻ മുഖേന 525000/- രൂപ 84 ഗുണഭോക്താക്കളുടെ പദ്ധതി വിഹിതമായി SLBP പ്രോജക്ട് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആദി കേശവപുരം സംഘത്തിന്റെ നാൾവഴി പ്രകാരം ക്രമ നം4. സുമതി കണക്കശ്ശേരി, 37. ജസ്ന പുതിയവീട്ടിൽ, 46. സബൂറ, 57. ലത തോല്പറമ്പിൽ, 63. രജിത വിജീഷ്, 79. ചന്ദ്രമതി എറൻപറമ്പിൽ എന്നീ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരുന്നില്ല. 25.1.22 മുതലാണ് കാലി തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളത്. പദ്ധതിയിൽ തുടരാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക തിരികെ ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതും പദ്ധതി പൂർത്തീയാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-45 മഴക്കാല പൂർവ്വ ശുചീകരണ ഫണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു: ചെലവു തുക തടസ്സപ്പെടുന്നു

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, FHC
തനത് ഫണ്ട് – 2 ലക്ഷം

ശുചിത്വ മിഷൻ ഫണ്ട് – 2 ലക്ഷം

GO(Rt) No.1052/2021/LSGD/തി.27.5.21. ഉത്തരവ്

Vr.No.22100195.തി.14.6.21. 400000/ -

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മേൽ വൗച്ചർ പ്രകാരം4 ലക്ഷം രൂപ മെഡിക്കൽ ഓഫീസർ FHCയ്ക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ ഏതാനും വാർഡുകൾ മാത്രമാണ് ശുചീകരണ പ്രവർത്തനങ്ങൾക്കായി മുഴവൻ തുകയും വിനിയോഗിച്ചിട്ടുള്ളത്. പഞ്ചായത്തിൽ തന്നെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സെക്രട്ടറി, മെഡിക്കൽ ഓഫീസർ എന്നിവർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തൻവർഷം വിവിധ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ അല്ലാതെ സാനിറ്റൈസർ, പൾസ് ഓക്സിമീറ്റർ, RRT അംഗങ്ങൾക്ക് മെമന്റൊ നൽകൽ എന്നിവയ്ക്കും തുക ചെലവഴിച്ചിട്ടുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ അല്ലാതെ ചെലവഴിച്ച വാർഡുകൾ, തുകകൾ എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ്. നമ്പർ | തുക |
|---|---|
| 2. | 11820/ - |
| 3. | 10003/ - |
| 4. | 4799/ - |
| 5. | 7700/ - |
| 6. | 3900/ - |
| 7. | 9899/ - |
| 8. | 4780/ - |
| 10 | 10000/ - |
| 11 | 10000/ - |
| 13 | 10000/ - |
| 14 | 10000/ - |
| 17 | 10000/ - |
| ആകെ | 102901 |

മഴക്കാല പൂർവ ശുചീകരണത്തിനല്ലാതെ ചെലവഴിച്ച 102901/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതും, ആദ്യ മറുപടിയോടൊപ്പം രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം തുക നിരാകരിക്കുന്നതാണ്.

## 1-46 ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ 47 ജി -2814 ബൊലറൊ ജീപ്പിന്റെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം ശരിയായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ ശരിയായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. തന്മൂലം ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാണെന്നും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) വാഹനത്തിന്റെ റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ എന്നിവ പ്രത്യേകം സൂക്ഷിച്ച് അറ്റകുറ്റപണികളുടേയും, ഇന്ധനം വാങ്ങിയതിന്റേയും വിവരങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന./02/08/2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം Opening Balance | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് 1256600 | 2021-22 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | 2021-22 | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം പരിപാടി | 200000 | 0 |
| | 2021-22 | 389288 | പനമ്പിക്കുന്ന്-ചളിങ്ങാട് ജി.എം.എൽ.പി.സ്കൂൾ ലിങ്ക് റോഡ് റീടാറിംങ്ങ് വാർഡ് 7,10 | 389288 | 0 |
| | 2021-22 | 200000 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | 2021-22 | 20160 | ആർദ്രം സാന്ത്വന പരിചരണ പരിപാടി | 20160 | 0 |
| | 2021-22 | 400000 | ഗ്രീൻവാലി റോഡ് വാർഡ് 20 | 400000 | 0 |
| | 2021-22 | 100000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ | 100000 | 0 |
| | 2021-22 | 260000 | ലൈഫ് മിഷൻ Sc | 260000 | 0 |
| ജില്ലാപഞ്ചായത്ത് 166214 | 2021-22 | 400696 | അങ്കണവാടി അനുപൂരക പോഷകാഹാരം പരിപാടി | 400696 | 0 |
| | 2021-22 | 500000 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| | 2021-22 | 868970 | ആർദ്രം സാന്ത്വന പരിചരണ പരിപാടി | 449903 | 419067 |
| | 2021-22 | 175740 | വയോജനങ്ങൾക്ക് കട്ടിൽ | 175740 | 0 |
| | 2021-22 | 20000 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ നൽകൽ | 20000 | 0 |
| | 2021-22 | 20000 | ആർദ്രം സാന്ത്വന പരിചരണ പദ്ധതി | 20000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തി യുടെപേര് | മുന്നിരിപ്പ് | വൗച്ചർനം. /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | തിരിച്ച നൽകിയ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | - | 886002 | - | ഇല്ല | ഇല്ല | 83154 | 802848 |
| കെ.എസ്.ഇ.ബി | - | 3372629 | - | ഇല്ല | ഇല്ല | ഇല്ല | 3372629 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷംതിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ ലോൺ | ലഭ്യമായില്ല | ലഭ്യമായില്ല | 13617714 | 1305333 | - | 12312381 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

(സംക്ഷിപ്ത വിവരം)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,44,74,458 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,26,53,125 |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,02,901/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 1,00,000/- | മുഹമ്മദ് റഫീക്ക്<br>സെക്രട്ടറി |
| 1-45 | 1,02,901/- | ഡോ.അന്ന ബേബി<br>മെഡിക്കൽ ഓഫീസർ,FHC |
| ആകെ | 202901 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടക്കുന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് റഫീക്ക്<br>സെക്രട്ടറി | സെക്രട്ടറി | കൊട്ടിക്കൽ വീട്<br>അഴീക്കോട് പി.ഒ. |
| ഡോ. അന്ന ബേബി<br>മെഡിക്കൽ ഓഫീസർ,FHC | - | ചെമ്മണ്ണൂർ വീട്<br>ചേറ്റുപുഴ പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/ CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1997-98<br>ചെലവ് | എൽ.എഫ്.ടി(19)-1011/99<br>തീ.23.5.99/<br>11.11.99 | 2 | 27, 28 | |
| 2 | 1999-2000<br>(വരവ്-ചെലവ്) | എൽ.എഫ്.ടി(12)-1435/07<br>തീ.7.1.08/<br>17.3.08 | 1 | 3-6 | |
| 3 | 1999-2000<br>2000-2001 | എൽ.എഫ്.ടി(12)-1092/03<br>തീ.7.1.2004/ | 6 | 11, 13(2,3), 13(4),<br>17(a,b,c,d,e,f,g,h,<br>I,j,k,l,m,n, | |

| | | | | | |
|---|---|---|---|---|---|
| | 2001-02 ജനകീയാസൂത്രണം | 21.5.2004 | | O,p,q,r,s), 18(a,b,c,d,e,f), 19, 20 | |
| 4 | 2000-01 | എൽ.എഫ്.ടി(12)-1472/07 തീ.7.7.08/ 17.03.08 | 1 | 2-2 | |
| 5 | 2002-03 | എൽ.എഫ്.ടി(12)-649/08 തീ.20.07.09/ 29.09.09 | 2 | 3-6, 3-7 | |
| 6 | 2004-05 | എൽ.എഫ്.ടി(12)-282/09 തീ.20.08.10/ 10.11.10 | 1 | 3-3 | |
| 7 | 2005-06 | എൽ.എഫ്.ടി(12)-1598/09 തീ.20.1.2011/ 10.2.2011 | 1 | 3-7 | |
| 8 | 2006-07 | എൽ.എഫ്.ടി(12)-1599/09 തീ.20.01.2011 | 2 | 3-3, 3-7 | |
| 9 | 2007-08 | എൽ.എഫ്.ടി(13)-1311/11 തീ.24.11.11 | 3 | 3-1എ, 3-7, 3-13(1,2) | |
| 10 | 2008-09 | എൽ.എഫ്.ടി(13)-1312/11 തീ.20.10.11/ 02.06.17 | 2 | 3-2, 3-5(13,14,15) | |
| 11 | 2009-10, 2010-11 | എൽ.എഫ്.ടി(P3)-29/2013 തീ.25.3.2013/ 5.7.13 | 5 | 3-3, 3-9, 3-15, 3-19(a,c,d), 3-22 | |
| 12 | 2011-12 | എൽ.എഫ്.ടി(P3)-1404/13 തീ.15.1.14/ 7.3.14 | 9 | 3-3, 3-4, 3-4എ, 3-5, 3-11, 3-14(2,4,5,6,7,8), 3-16, 3-17, 3-18 | |
| 13 | 2012-13 | എൽ.എഫ്.ടി(P3)-1246/13 തീ.10.11.2014/ 12.01.2015 | 13 | 3-1, 3-3, 3-4, 3-9, 3-11, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21 | |
| 14 | 2013-14 | കെ.എസ്.എ.ടി.എസ്.ആർ(പി3)-79/16 തീ.28.1.16/ 15.3.16 | 20 | 2-2, 3-5, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-21, 3-23, 3-24, 3-26, 3-28, 3-29, 3-30, 3-32, 3-33, 3-34 | |

| | | | | | |
|---|---|---|---|---|---|
| 15 | 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി3)-920/16 തീ.20.06.16/ 12.7.16 | 2 | 3-5, 3-6 | |
| 16 | 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി3)-1939/16 തീ.22.11.16 | 15 | 2-5, 3-7, 3-9, 3-11, 3-12, 3-13, 3-15, 3-19, 3-22, 3-24(1), 3-27, 3-29, 3-30, 3-31, 3-32 | |
| 17 | 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി3)-1706/17 തീ.29.11.17/ 29.12.17 | 4 | 3-4, 3-9, 3-12, 3-16 | |
| 18 | 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി3)-1390/2018 തീ.9.11.18/ 23.11.18 | 26 | 2-3, 2-9, 2-10, 3-1, 3-2, 3-6, 3-8(5), 3-10, 3-11, 3-12, 3-13, 3-17, 3-20, 3-21, 3-22, 3-24, 3-25, 3-28, 3-29, 3-30, 3-31, 3-32, 3-33, 3-34, 3-35, 3-36 | |
| 19 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി3)-1057/2019 തീ.29.08.2019 | 28 | 1-10, 1-12, 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7(1,2), 2-8, 2-9, 2-10, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 | |
| 20 | 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി7)-1515/2021 തീ.18.03.2022 | 26 | 1-9, 1-18, 1-19, 1-23, 1-24, 1-25, 1-26, 1-27, 1-29, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-41, 1-42, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-43, 1-44, 1-46, 1-49, 1-51, 1-52(1,2,3), 1-53, 3-1 | |
| 21 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ(പി7)-1516/21 തീ.1.04.2022 | 28 | 1-18, 1-20, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-31, 1-35, 1-36, 1-37, 1-39, 1-40, 1-42, 1-43,1-45, 1-46, 1-49,1-53, 1-54, 1-55,1-56, 1-57, 1-58,1-59, 1-61, 3-1 | |
| | ആകെ | | 197 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്